# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 758 — 30.01.2019-ൽ മറുപടിക്ക്

## പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സണ്ണി ജോസഫ് :** | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | രാജ്യത്ത് ആദ്യമായി പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതിയെ കുറിച്ച് ഡോ.അഭയ് ബാൽഗിന്റെ നേതൃത്വത്തിൽ നടത്തിയ പഠനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മറ്റുസംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാണോ; വ്യക്തമാക്കുമോ; | ബി) | മെച്ചപ്പെട്ടതാണ്. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ പ്രവർത്തന ഫലമായി സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ആരോഗ്യസ്ഥിതി മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ടതാക്കാൻ സഹായിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>• ഗർഭിണികളുടെയും, മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.<br>• ആയുർവേദ ഡിസ്പെൻസറികൾ, അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.<br>• അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി. |

| | | | |
|---|---|---|---|
| | | | • വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br>• കേരളത്തിൽ ശിശുമരണങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അട്ടപ്പാടിയിലെ ആരോഗ്യ മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പും മറ്റു വകുപ്പുകളും സംയോജിച്ച് നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ ഫലമായി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്.<br>➢ ശിശുമരണ നിരക്ക് 31 (2013) എന്നത് 13 (2018) എണ്ണമായി കുറഞ്ഞിട്ടുണ്ട്.<br>➢ അബോർഷൻ കേസുകൾ 77 (2013) എന്നത് 24 (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>➢ ഹോം ഡെലിവറി 64 (2013)ൽ നിന്ന് 6 (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>➢ ഇൻട്രാ യൂട്രിൻ ഡെത്ത് 18 (2013)ൽ നിന്ന് 4 (2018) ആയി കുറഞ്ഞിട്ടുണ്ട്.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി-ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്ത ബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.<br>• പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.<br>• പോഷകാഹാരകുറവുള്ള കുട്ടികളെയും ഗർഭിണി കളെയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്ന തിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് ഗുളികകളുടെ വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്. |
| സി) | പട്ടികവർഗക്കാർക്കിടയിൽ മദ്യം, പുകയില തുടങ്ങിയ ലഹരി വസ്തുക്കളുടെ അമിത ഉപയോഗം ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | സി) | ചില പട്ടികവർഗ്ഗക്കാർക്കിടയിൽ ലഹരി പദാർത്ഥ ങ്ങളുടെ ഉപയോഗം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | എങ്കിൽ അതു നിയന്ത്രിക്കുന്നതിന് എന്ത് നടപടിയാണ് പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | ഡി) | പട്ടികവർഗ്ഗ കോളനികളിൽ പുറത്തുനിന്നുള്ള ആളുകൾ പ്രവേശിച്ച് മദ്യം, മയക്കുമരുന്ന് മുതലായ ലഹരി വസ്തുക്കൾ വിതരണം ചെയ്യുന്നതും, കോളനി നിവാസികളുടെ മദ്യപാനം, വ്യാജവാറ്റ് എന്നിവ തടയുന്നതിനുമായി ടി കോളനികളിലെ മദ്യപാനികളെ കണ്ടെത്തി അവർക്ക് ഇവയുടെ ഉപയോഗത്തി നെതിരെ ബോധവൽക്കരണം നടത്തുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല മോണിറ്ററിംഗ് സമിതിയും ബന്ധപ്പെട്ട വാർഡ് മെമ്പർ ചെയർമാനായി കോളനിതല സമിതിയും രൂപീകരി ച്ചിട്ടുണ്ട്. പ്രസ്തുത സമിതിയിൽ പോലീസ്, എക്സൈസ് വകുപ്പുകളുടെ പ്രതിനിധികളും അംഗങ്ങളാണ്. ഇതു കൂടാതെ മദ്യപാനത്തിനടിമപ്പെട്ട കുട്ടികളെ കണ്ടെത്തു ന്നതിനും അപ്രകാരമുള്ള കുട്ടികൾക്ക് മെഡിക്കൽ കൗൺസിലിംഗ് നടത്തുന്നതിനും എസ്.റ്റി. പ്രമോട്ടർമാർ മുഖേന നടപടികൾ സ്വീകരിക്കുന്നുണ്ട്. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാർക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിന് ഫണ്ട് അനുവദി ച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കൗൺസിലിംഗ് ആവശ്യമുള്ളവരെ കണ്ടെത്തി ചികിത്സയും നൽകി വരുന്നു. കോളനികളിൽ ബോധവൽക്കരണത്തിന് വയനാട് ജില്ലയിൽ കമ്മിറ്റഡ് സോഷ്യൽ വർക്കർമാരേയും നിയമിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത കോളനികളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**